# വഴിയിലെ അമൃത്

## 6. ജനങ്ങളോടുള്ള പെരുമാറ്റം

നല്ല കർഷകനായിരുന്നു ദുബ്ബ. തന്റെ ഭൂമിയിൽ അവൻ പലതര ത്തിലൂള്ള കൃഷിയും ഉണ്ടാക്കിയിരുന്നു. അദ്ധ്വാനിയായിരുന്നെങ്കിലും മറ്റുള്ളവരെ വെറുപ്പിക്കുന്ന സ്വഭാവമായിരു ന്നു അവന്റേത്. ആളുക ളുടെ രഹസ്യം ചോർത്തി പരസ്യമാക്കൽ അവന്റെ ശീലമാ യിരുന്നു. ആരെങ്കിലും മൊബൈലിൽ സംസാരിക്കുന്നതു കേട്ടാൽ മതി അവൻ തന്റെ പണി നിറുത്തി അത് കട്ടുകേൾക്കും. എന്നിട്ട് ചായ കുടിക്കാനെന്ന ഭാവേന അങ്ങാടിയിലേക്ക് പോകും. അവിടെയിരുന്ന് താൻ കണ്ടതും കേട്ടതുമായ കാര്യങ്ങളൊക്കെ കൂടെയുള്ളവരോട് വിളിച്ചു പറയാൻ തുടങ്ങും. ഒരു സിഗരറ്റ് വാങ്ങിക്കൊടുത്താലോ അവന്റെ കൃഷിപ്പണിയെ പുകഴ്ത്തിപ്പറഞ്ഞാലോ മതി ആരെക്കുറിച്ചുള്ള രഹസ്യവും അവൻ ഭംഗിയായി പറയുമായിരുന്നു.

തന്റെ മാതാപിതാക്കളെ അവൻ ഉപദ്രവിക്കുമായിരുന്നു. ബന്ധുക്കൾ ആ വീട്ടിലേക്ക് വരുന്നത് അവന് വെറുത്തിരുന്നു. സ്വന്തം ആവശ്യത്തിനുപോലും വലിയ പിശുക്കായിരുന്നു അവന്.

വൈകുന്നേരമായാൽ നന്നായി കുടിക്കണം. കൈയിൽ പണമില്ലെങ്കിൽ കടം വാങ്ങിയി ട്ടെങ്കിലും കുടിക്കും. തല പെരുത്തുകഴിഞ്ഞാൽ വഴിയിലൂടെ പോകുന്നവരെയും വീട്ടിലമു വരെയും തെറിപറയും. വീട്ടിൽ വന്നാൽ സി.ഡി. പ്ലയറിൽ സിനിമാ ഗാനം ഉയർന്ന ശബ്ദത്തിൽ വെക്കും. പരിസരത്തുള്ളവർക്കെല്ലം അത് ഏറെ ശല്യമാണ്. പ്രശ്നവുമാകുന്നതോർത്ത് ആരും ആക്ഷേ പ്പിക്കാൻ നിൽക്കാറില്ല. പാതിരാവിൽ അവസാനിക്കുന്ന ഗാനകോലാ ഹലം പുലർച്ചെ വീണ്ടും തുടങ്ങും.



അയൽവാസികളുടെ കോഴിയോ ആടോ തന്റെ കൃഷിക്കടുത്തെ ങ്ങാലും വന്നാൽ അവയുടെ പിന്നാലെ ഓടി കല്ലെടുത്തെറിയുമായി രുന്നു. അയൽവാസികളുമായും അവൻ പ്രശ്നങ്ങളുണ്ടാക്കും. ഇട ക്ക് ചെറിയ മോഷണവും അവന്റെ പതിവായിരുന്നു.

അയൽവാസികൾക്ക് അവൻ ഒരു ശല്യമായി. ആളുകൾ അവനെ വെറുത്തു. എന്തു ചെയ്യണമെന്ന് അയൽവാസികൾ കൂടിയാലോചിച്ചു. നമുക്കവനെ പണ്ഡി തന്റെ അടുത്തേക്ക് കൊണ്ടുപോകാം. അദ്ദേഹം അവനെ ഉപദേശിച്ചുനോക്കട്ടെ. അവർ പണ്ഡിതനെ ചെന്നു കണ്ടു.

ഒരു ദിവസം ദുബ്ബ കൃഷിയിടത്തിൽ വേല ചെയ്യുന്നതിനിടയിൽ പണ്ഡിതൻ അവന്റെ അടുത്തേക്ക് ചെന്നു.

പണ്ഡിതനെ കണ്ട് ദുബ്ബ തന്റെ പണി നിറുത്തി അദ്ദേഹത്തിന്റെ അടുത്തേക്ക് ചെന്നു. ‘‘എടോ, നീ നന്നായി കൃഷി ചെയ്യുന്നുണ്ടല്ലോ. ഉഷാറായിട്ടുണ്ട്. നിന്നെപ്പോലെ നല്ല കൃഷി ക്കാരനെ ഞാൻ വേറെ കണ്ടിട്ടില്ല.’’

പണ്ഡിതന്റെ വാക്കുകൾ അവന് ഏറെ ഇഷ്ടമായി.

‘ദുബ്ബക്കുട്ടീ, നല്ല മനസ്സുള്ളവർക്ക് മാത്രമേ ഇത്രയും നല്ല കൃഷിയുണ്ടാക്കാൻ സാധിക്കു കയുള്ളു.’ അതെയെന്നവൻ തലയാട്ടി.

‘‘പക്ഷേ, കുട്ടീ, ഒരു കാര്യമുണ്ട്.’’

‘‘എന്താണ് പണ്ഡിതരേ?’’ അവൻ വിനയപൂർവം ചോദിച്ചു.

‘‘കൃഷി നിനക്കും നിന്റെ കുടുംബത്തിനും മാത്രമേ ഉപകരിക്കുകയുള്ളൂ. എന്നാൽ, ഈ നല്ല കൃഷിക്കു പിന്നിലെ നിന്റെ നല്ല മനസ്സ് അയൽവാസികൾക്കും നാട്ടുകാർക്കുമൊക്കെ അനുഭവിക്കാൻ സാധിക്കണം.’’

‘‘ഞാൻ അവരെ ഒന്നും ചെയ്തിട്ടില്ലല്ലോ പണ്ഡിതരേ.’’

‘‘ശരി തന്നെ. എന്നാലും ആളുകൾക്ക് അങ്ങനെ ചില ആവലാതികളൊക്കെയുണ്ട്. നിന്നെ അവർ എല്ലാവർക്കും ഒരുപോലെ ഇഷ്ടമാണോ?’’

‘‘ഇല്ല പണ്ഡിതരേ. ആളുകൾക്കൊക്കെ എന്നോട് വെറുപ്പാ.’’

‘‘അതിന് കാരണം നീ നിന്റെ നല്ല മനസ്സ് അവർക്ക് കൊടുത്തിട്ടില്ല. അതുതന്നെ.’’

‘‘ഞാനെന്ത് ചെയ്യണമെന്നാ അങ്ങ് പറയുന്നത്?’’

അദ്ദേഹം പറഞ്ഞു: ആളുകൾ നമ്മെ സ്നേഹിക്കുന്നത് നമ്മുടെ നാവിനെ പരിഗണിച്ചാണ്. മറ്റുള്ള വരുടെ കാര്യങ്ങൾ കേൾക്കുകയും അത് മറ്റുള്ളവരോട് പറയുകയും ചെയ്യുന്നത് അവർ വെറുക്കും. നാവിനെ നീ സൂക്ഷിച്ചില്ലെങ്കിൽ അത് നിനക്ക് അപകടമുണ്ടാക്കും. കുട്ടീ, അയൽവാസികൾ അന്യരല്ല, ഒരു കണക്കിന് അവർ നമ്മുടെ ബന്ധുക്കൾ തന്നെയാണ്. അക്കാര്യത്തിൽ ജാതിയൊന്നുമില്ല. അവരെ സ്നേഹിക്കണം. അവർക്ക് പ്രയാസമുണ്ടാക്കുന്ന

ഒരു കാര്യവും ചെയ്യരുത്. അവരിൽനിന്നുണ്ടാകുന്ന പ്രയാസങ്ങൾ സഹിക്കുന്നതും അവർക്ക് ഉപകാരം ചെയ്യുന്നതും നിനക്ക് അവരുടെ സ്നേഹം ഇരട്ടി നേടാനുള്ള മാർഗമാണത്.

ഗൗരവമുള്ളവനായി ജീവിക്കണം. എല്ലാവരോടും എല്ലാം തുറന്ന് പറയരുത്. ആരുടെ രഹസ്യവും നീ കേൾക്കാനും മറ്റുള്ളവരോടത് പറയാനും നിൽക്കരുത്. അതുകൊണ്ട് നിനക്കെന്താ ഉപകാരം? നീ കേട്ടിട്ടുണ്ടോ, ദൈവം അതെപറ്റി പറഞ്ഞതെന്തെന്ന്?''

ഇല്ലെന്നവൻ പറഞ്ഞു.

എന്നാൽ കേട്ടോളൂ: ദൈവത്തെ മാത്രം ആരാധിക്കുക. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുക. ബന്ധുക്കളോടും അനാഥകളോടും അയൽക്കാരോടും കൂട്ടുകാരോടും വഴിയാത്രക്കാരോടും ഭാര്യയോടും മക്കളോടും നല്ല നിലയിൽ പെരുമാറുക. പിശുക്ക് കാണിക്കരുത്. ആളുകളുടെ രഹസ്യം ചുഴിഞ്ഞന്വേഷിക്കരുത്. കുത്തുവാക്കുകൾ പറയുകയും അരുത്. പരദൂഷണവും കളവും പറയരുത്. അനുവാദമില്ലാതെ അന്യരുടെ സാധനങ്ങൾ എടുക്കരുത്. ആരെയും പരിഹസിക്കരുത്. അത്തരം ആളുകൾക്ക് ദൈവത്തിങ്കൽ വലിയ ശിക്ഷയാണുള്ളത്.''

ഇനി മുതൽ നന്നായി ജീവിക്കാമെന്ന് അവൻ പണ്ഡിതന് വാക്ക് കൊടുത്തു. ആളുകളുടെ സ്നേഹം നേടുവാൻ പിന്നെ ദുബ്ബക്ക് പെട്ടെന്ന് സാധിച്ചു.